LIBRARY ARCHIVES Kerala Legislative Assembly

## അന്യസംസ്ഥാന ലോട്ടറികൾ

13 (*13) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ;

(ബി) ഇതുമൂലം സംസ്ഥാനത്തിന് ലോട്ടറിയിൽ നിന്നുള്ള വരുമാനത്തിൽ എത്രമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ;

(സി) അന്യസംസ്ഥാന ലോട്ടറി തട്ടിപ്പ് തടയാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കാൻ സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 15-12-2011-ലെ GSR 883 (E) നമ്പർ കേന്ദ്ര നോട്ടിഫിക്കേഷൻ മുഖാന്തിരം സിക്കിം ലോട്ടറിയുടെ വിൽപ്പന കേരളത്തിൽ രണ്ട് വർഷത്തേയ്ക്ക് നിരോധിച്ചിട്ടുണ്ട്. 14-12-2013-ന് അവസാനിച്ച താൽക്കാലിക നിരോധനം ഇപ്പോഴും അനിശ്ചിതമായി തുടരുന്നുണ്ട്. ഭൂട്ടാൻ ലോട്ടറിയെ സംബന്ധിച്ച കേസ്സുകൾ സി.ബി.ഐ.-ക്ക് നൽകിയിരിക്കുന്നതിനാൽ അവയുടെ വിൽപ്പനയും താൽക്കാലികമായി തടഞ്ഞിട്ടുണ്ട്. 7-1-2012-ലെ GO(Rt) No.26/12/TD ഉത്തരവ് പ്രകാരം സംസ്ഥാന തലത്തിൽ അഡീഷണൽ ഡയറക്ടർ ഓഫ് പോലീസ് (ഇന്റലിജൻസ്) അദ്ധ്യക്ഷനായും ജില്ലാതലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായും മോണിറ്ററിംഗ് സെല്ലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. അന്യസംസ്ഥാന ലോട്ടറിയെ സംബന്ധിച്ച പരാതികൾ പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് കൈമാറുകയും തുടർനടപടികൾ സ്വീകരിച്ച വരികയും ചെയ്യുന്നുണ്ട്.

(ബി) അന്യസംസ്ഥാന ലോട്ടറികൾ നിരോധിച്ചത് 2011 ഡിസംബർ മുതലാണ്. അന്യസംസ്ഥാന ലോട്ടറികളുടെ നിരോധനം സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ട്.

2011-12 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ലോട്ടറി വിൽപ്പനയിലൂടെയുള്ള വരവ് ചുവടെ ചേർക്കുന്നു :

| വർഷം | ലോട്ടറി വിൽപ്പനയിൽ നിന്നുള്ള വരവ് (രൂപ കോടിയിൽ) | മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഓരോ സാമ്പത്തിക വർഷവും വരുമാനത്തിൽ വന്ന വർദ്ധനവിന്റെ ശതമാനം |
|---|---|---|
| 2011-12 | 1287.22 | 130.81 |
| 2012-13 | 2778.80 | 115.87 |
| 2013-14 | 3793.84 | 36.52 |
| 2014-15 | 5445.84 | 43.54 |

(സി) നിലവിലുള്ള നിയമപ്രകാരം ലോട്ടറി തട്ടിപ്പിനെതിരെ സ്വന്തം നിലയിൽ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് അധികാരമില്ലാത്തതിനാൽ അന്യസംസ്ഥാന ലോട്ടറി തട്ടിപ്പിനെ സംബന്ധിച്ച പരാതികളോ പത്രവാർത്തയോ ലഭിച്ചാൽ ഉടൻതന്നെ ആയത് പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെൽ മേധാവിക്ക് കൈമാറി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

**14 (*14)** ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly